(ഡി) ഇല്ലെങ്കിൽ തമിഴ്നാടിന് നോട്ടീസ് നൽകാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഇല്ല. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ.

(സി)&(ഡി) ഇല്ല. പരസ്പര ധാരണപ്രകാരം പാട്ടത്തുക പുതുക്കണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

നിലം നികത്തലിനെതിരായ സമരത്തിനോട് അനുബന്ധിച്ച് നാശനഷ്ടം സംഭവിച്ച കൃഷിക്കാർ

21 (676)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലം നികത്തലിനെതിരായ സമരത്തിനോട് അനുബന്ധിച്ച് നാശനഷ്ടം സംഭവിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ തീരുമാനം എന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) സാമുദായിക രാഷ്ട്രീയ സംഘടനകളിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകിയ സാഹചര്യത്തിൽ കർഷകർക്ക് ഉണ്ടായ നഷ്ടത്തിനും സഹായം നൽകണമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ;

(ഡി) കെ.എസ്.കെ.ടി.യു. നടത്തിയ നിലം നികത്തലിനെതിരെ ഉള്ള സമരങ്ങളിൽ എത്ര രൂപയുടെ നഷ്ടം കൃഷിക്കാർക്ക് ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ ഒഴിവുകൾ

22 (677)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ 1987-ന് ശേഷം ഇതുവരെ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ തസ്തികകളിൽ 1987-ൽ ഈ കോർപ്പറേഷനിൽനിന്നും പിരിച്ചുവിട്ട എത്രപേർക്ക് സുപ്രീംകോടതി വിധി അനുസരിച്ച് നിയമനം നൽകിയിട്ടുണ്ട്; ആർക്കൊക്കെ;

(സി) വെയർഹൗസിംഗ് കോർപ്പറേഷനിൽ 2000 മേയ് മാസങ്ങളിൽ ഏതെല്ലാം തസ്തികകളിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഒഴിവിലേക്ക് 1987-ൽ പിരിച്ചുവിട്ട ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതിന് സുപ്രീംകോടതി വിധി അനുസരിച്ച് നടപടി സ്വീകരിക്കുമോ;

(ഇ) ഇതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ 1987-ന് ശേഷം ഉണ്ടായിട്ടുള്ള ഒഴിവുകളുടെ തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	തസ്തിക	ഒഴിവുകളുടെ വിവരം
1	ജനറൽ മാനേജർ	1
2.	മാനേജർ	3
3.	ഫിനാൻസ് മാനേജർ	1
4.	ഡെപ്യൂട്ടി മാനേജർ	1
5.	സ്റ്റെനോഗ്രാഫർ	2
6.	അസിസ്റ്റന്റ്	34
7.	ടൈപ്പിസ്റ്റ് ക്ലാർക്ക്	19
8.	ഡ്രൈവർ	2
9.	ക്ലാസ് ഫോർ/ക്ലാസ് ഫോർ ഗ്രേഡ് - 2	164
10.	ടെലിഫോൺ ഓപ്പറേറ്റർ കം റിസപ്ഷനിസ്റ്റ്	1
	നിർമ്മാണ വിഭാഗം	
1.	എക്സിക്യൂട്ടീവ് എഞ്ചിനീയർ	1
2.	അസിസ്റ്റന്റ് എഞ്ചിനീയർ	2
3.	ഫസ്റ്റ് ഗ്രേഡ് ഓവർസീയർ/	
	സെക്കന്റ് ഗ്രേഡ് ഓവർസീയർ	5

(ബി) സുപ്രീംകോടതി വിധി, കോർപ്പറേഷനിൽ 1987-ൽ പിരിച്ചുവിടാനിരുന്ന ജോലിയിൽ തുടരുന്ന കാഷ്വൽ വർക്കർക്കു മാത്രമേ ബാധകമാകൂ എന്ന് ബഹു. കേരള ഹൈക്കോടതി ഒ.പി. നമ്പർ 15815-1996, ഡബ്ല്യൂ. എ. നമ്പർ 2551/98 വിധി ന്യായത്തിൽ പറഞ്ഞിട്ടുള്ളതനുസരിച്ച് 1987-ൽ കോർപ്പറേഷനിൽനിന്നും പിരിച്ചുവിട്ട ജീവനക്കാർക്ക് പുനർനിയമനത്തിന് അർഹതയില്ല. എന്നാൽ 1987-ൽ കോർപ്പറേഷനിൽനിന്നും പിരിച്ചുവിട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ശ്രീ. എൻ. മുരളീധരൻ, ശ്രീ. ഗോപാലൻ, ശ്രീ. റ്റി.പി. രാജൻ, ശ്രീ. പി.റ്റി. ദാമോദരൻ ശ്രീ. സി.കെ. ബാബുരാജ് എന്നിവർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി പ്രകാരം ഹൈക്കോടതി വിധി വരുന്നതിനുമുമ്പ് ക്ലാസ് ഫോർ ഗ്രേഡ്-2 ആയി നിയമനം നൽകിയിട്ടുണ്ട്.

(സി) രണ്ടായിരാമാണ്ട് മേയ് മാസത്തിൽ ടൈപ്പിസ്റ്റ്-ക്ലാർക്കുമാരുടെയും ഡ്രൈവർമാരുടെയും തസ്തികകളിലേക്കുള്ള നിയമനത്തിന് അപേക്ഷ ക്ഷണിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഒഴിവിലേക്ക് 1987-ൽ പിരിച്ചുവിട്ട ഉദ്യോഗാർത്ഥികൾക്ക് ഹൈക്കോടതിയുടെ ഒ.പി. നമ്പർ 15815/96 ലുള്ള വിധി അനുസരിച്ച് സുപ്രീം കോടതിവിധിയുടെ ആനുകൂല്യം ലഭ്യമല്ലെന്ന് വ്യക്തമാക്കിയിരുന്നതിനാൽ നിയമനത്തിന് പ്രത്യേക പരിഗണന നൽകുന്നതിന് നിർവ്വാഹമില്ല.

(ഇ) ടൈപ്പിസ്റ്റ് ക്ലാർക്കുമാരുടെയും ഡ്രൈവർമാരുടെയും തസ്തികകളിലേക്കുള്ള നിയമനത്തിനുള്ള അപേക്ഷ ക്ഷണിച്ചശേഷം നിവേദനം ഒന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി സെക്രട്ടേറിയറ്റിൽ നഷ്ടപ്പെടുന്ന തസ്തികകൾ

23 (678)ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതേവരെ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതിനെത്തുടർന്ന് സെക്രട്ടേറിയറ്റിലും വകുപ്പദ്ധ്യക്ഷന്മാരുടെ ഓഫീസുകളിലും ജില്ലാതലങ്ങളിലും ഏതെങ്കിലും തസ്തികകളുടെ എണ്ണം ചുരുക്കിയിട്ടുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാം; എത്ര എണ്ണം;

(ഡി) ഇതിന്റെ ഫലമായി അധികമായി വന്ന തസ്തികകളും അത് വഹിച്ചിരുന്ന ഉദ്യോഗസ്ഥന്മാരേയും എങ്ങോട്ടാണ് വിന്യസിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ 20.3.2000 വരെ 228 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വകുപ്പദ്ധ്യക്ഷന്മാരുടെ ഓഫീസുകളിലെ വിവരം ശേഖരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) സെക്രട്ടേറിയറ്റിൽ 37 തസ്തികകൾ കുറവുവരുത്തിയിട്ടുണ്ട്. വകുപ്പദ്ധ്യക്ഷന്മാരുടെയും ജില്ലാതല ഓഫീസുകളിലെയും വിവരം ശേഖരിച്ചു വരുന്നു.

(ഡി) സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥന്മാരെ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിലെ പെർഫോർമൻസ് ആഡിറ്റ് ടീമുകളാണ് നിയമിച്ചിട്ടുള്ളത്. മറ്റു ഓഫീസുകളിലെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

അധികാര വികേന്ദ്രീകരണം സംബന്ധിച്ച രാജ്യാന്തര സെമിനാറിൽ അവതരിപ്പിച്ച പ്രശ്നങ്ങൾ

24 (679)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.പി. വിശ്വനാഥൻ :

LIBRARY ARCHIVES Kerala Legislative Assembly